"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രോജക്ട് അസിസ്റ്റന്റ് ശ്രീമതി ഫായിസ ഷിബ്‌ല ടി ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 13430/2026 നമ്പർ കേസിൻമേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1886/2026/LSGD തീയതി,തിരുവനന്തപുരം, 07-10-2026

---

പരാമർശം:-
1. 24/09/2021 ലെ സ.ഉ (സാധാ) നം.1846/2021/തസ്വഭവ.
2. കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03.03.2026 ലെ 9(1) നമ്പർ തീരുമാനം.
3. ശ്രീമതി ഫായിസ ഷിബ്‌ല ടി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച 27.03.2026 ലെ അപ്പീൽ അപേക്ഷ.
4. WP(C) 13430/2026 നമ്പർ കേസിൻമേലുള്ള 08.07.2026 ലെ വിധിന്യായം.
5. 25/09/2026 ലെ സ.ഉ(സാധാ) നം.1805/2026/തസ്വഭവ.
6. 28.09.2026 ലെ EPA3/464/2025/LSGD നം സർക്കുലർ.

<u>ഉത്തരവ്</u>

ബഹു. ഹൈക്കോടതി മുൻപാകെ ശ്രീമതി ഫായിസ ഷിബ്‌ല ടി ഫയൽ ചെയ്ത WP(C) 13430/2026 നമ്പർ കേസിൻമേലുള്ള 08.07.2026 ലെ വിധിന്യായത്തിൽ, ഹർജികക്ഷിയെയും എതിർ കക്ഷികളെയും നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകി, രണ്ട് മാസത്തിനുള്ളിൽ ടിയാൾ സമർപ്പിച്ച പരാമർശം (3) അപ്പീൽ അപേക്ഷയിൽ (Ext.P13) തീരുമാനമെടുക്കണമെന്ന് പരാമർശം (4) പ്രകാരം ബഹു ഹൈക്കോടതി ഉത്തരവായിരുന്നു.

2). പരാമർശം (1) പ്രകാരം, സംസ്ഥാനത്ത് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക്

അനുവദിക്കുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവൃത്തികളുടെ ജിയോടാഗിംഗ് നടത്തുന്നതിനും, ഗ്രാമ പഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാമസ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി കരാർ അടിസ്ഥാനത്തിൽ ഒരു പ്രൊജക്റ്റ് അസിസ്റ്റന്റിനെ നിയമിക്കുന്നതിന് അനുമതി നല്കിക്കൊണ്ടും അവരെ തെരഞ്ഞെടുക്കുന്നതിന് നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവായിരുന്നു. തുടർന്ന് പ്രോജക്റ്റ് അസിസ്റ്റന്റ്മാരുടെ കരാർ കാലാവധി വിവിധ ഉത്തരവുകളിലൂടെ ദീർഘിപ്പിച്ചുനല്കി വന്നിരുന്നു.

3). നിലവിൽ കരാർ കാലാവധി 31/03/2026 ൽ അവസാനിച്ചു എന്നും, കരാർ കാലാവധി സർക്കാർ പുതുക്കാൻ സാധ്യത ഉണ്ട് എന്നും, എന്നാൽ തനിക്ക് പകരം പുതിയ നിയമനം നടത്താൻ ഗ്രാമ പഞ്ചായത്തു കമ്മിറ്റി പരാമർശം (2) പ്രകാരം പ്രമേയം പാസ്സാക്കിയിട്ടുണ്ട് എന്നും മേൽ പ്രമേയം സെക്രട്ടറിയുടെ റിപ്പോർട്ടിനെ മറികടന്നു കൊണ്ട് ആണ് എന്നും അതിനാൽ മേൽ പ്രമേയം റദാക്കി തന്നെ സേവനത്തിൽ തുടരാൻ അനുവദിക്കണം എന്നാണ് ഹർജി കക്ഷി പരാമർശം (3) ലെ അപ്പീൽ അപേക്ഷയിൽ ( Ext.P 13 ) ആവശ്യപെട്ടിരുന്നത്.

4). ബഹു. ഹൈക്കോടതിയുടെ പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജി കക്ഷി ശ്രീമതി ഫായിസ ഷിബ്‌ല ടി, എതിർ കക്ഷികളായ ( R3 & 4 ) പഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ് ശ്രീ. കെ. എ. ഷൺമുഖൻ (R 3), പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. എം. മുഹമ്മദ് അലി (R 4) എന്നിവരെ 01/09/2026, രാവിലെ 11 മണിക്ക് നടന്ന ഹിയറിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

5). ശ്രീമതി ഫായിസ ഷിബ്‌ല ടി 2021 മുതൽ കല്പകഞ്ചേരി പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ സേവനം ചെയ്ത് വരുന്നു. പരാമർശം 1 ലെ സർക്കാർ മാർഗനിർദേശങ്ങൾ അനുസരിച്ചു വർത്തമാന പത്രത്തിലെ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ സമർപ്പിച്ച് അഭിമുഖത്തിൽ പങ്കെടുത്ത് മാർക്ക് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയാണ് പ്രൊജക്റ്റ് അസിസ്റ്റന്റ് നിയമനം നൽകിയത്. ടിയാൾ തൃപ്തികരമായി സേവനം ചെയ്ത് വരുന്നു എന്ന് പഞ്ചായത്തിൽ മാറി വന്ന 4 സെക്രട്ടറിമാരും ഭരണസമിതിക്കും ഏക അഭിപ്രായമാണ് ഉള്ളത്. എന്നാൽ 03/03/2026 ൽ നടന്ന പഞ്ചായത്ത് സമിതി യോഗത്തിലെ 9 (1) തീരുമാനത്തിൽ ടിയാന്റെ കരാർ കാലാവധി 31/03/2026 ൽ അവസാനിക്കുന്നതിനാൽ കരാർ പുതുക്കേണ്ടതില്ലെന്നും പ്രൊജക്റ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് പുതിയ നിയമനം നടത്താനും

പഞ്ചായത്തു യോഗം തീരുമാനിച്ചു. പ്രൊജക്ട് അസിസ്റ്റന്റ് തസ്തികയിൽ പുതിയ നിയമനം നടത്തുമ്പോൾ പദ്ധതിയുടെ പെയ്മെന്റ് സംവിധാനത്തിൽ കാലതാമസം ഉണ്ടാകുമെന്ന വിവരം പഞ്ചായത്ത് സെക്രട്ടറി കമ്മിറ്റിയെ ബോധ്യപ്പെടുത്തിയിട്ടും പഞ്ചായത്ത് തല തീരുമാനം നടപ്പിലാക്കാൻ നടപടി തുടർന്നുവരുന്നത് പക്ഷപാതപരവും അനീതിയുമാണെന്ന് ഹിയറിങ്ങിൽ ഹർജി കക്ഷി ബോധിപ്പിച്ചു.

6). ഹിയറിങ് വേളയിൽ പരാതി വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും ബോധിപ്പിച്ച വസ്തുതകൾ താഴെ പരാമർശിക്കുന്നു.

i. 31/03/2026 വരെ പ്രാബല്യമുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള കരാർ നിയമനമാണ് പ്രോജക്ട് അസിസ്റ്റന്റിന്റേത്. കാലാവധി അവസാനിച്ച ശേഷം സർക്കാർ ഉത്തരവ് ഇല്ലാതെ സേവനം തുടരുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. അതിനാൽ പുതിയ ഇന്റർവ്യൂ നടത്താൻ ഭരണസമിതി തീരുമാനിച്ചു. ആ ഇന്റർവ്യൂവിൽ ഹർജിക്കാരിക്കും പങ്കെടുക്കാവുന്നതാണ്. ടിയാളെ പിരിച്ച് വിട്ടതല്ല. കാലാവധി അവസാനിച്ചത് മൂലം ഭാവി നിയമനം സംബന്ധിച്ച് ഭരണപരമായ തീരുമാനമാണ് എടുത്തത്. തുടർച്ചയായി സേവനം ചെയ്തു എന്നത് അവകാശമായി കണ്ട് ജോലിയിൽ തുടരാൻ അവകാശമില്ല. കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെടാനും അവകാശമില്ല. മുൻകാലങ്ങളിൽ സർക്കാർ കാലാവധി നീട്ടി നൽകി എന്നത് തുടർന്നും കാലാവധി നീട്ടുന്നതിന് ഒരു സ്ഥിര അവകാശമായി ഉന്നയിക്കാനും സാധ്യമാകില്ല.

ii. പഞ്ചായത്ത് ഭരണസമിതിക്കെതിരെ ഉന്നയിച്ചിരിക്കുന്ന ദുരുദ്ദേശവും, രാഷ്ട്രീയ പ്രേരിതമായ നടപടി എന്ന ആരോപണങ്ങൾ തെളിയിക്കാൻ കഴിയുന്നവയല്ല. ഹർജിക്കാരിയുടെ പ്രവൃത്തി പരിചയം സെക്രട്ടറി രേഖപ്പെടുത്തിയത് മൂലം തസ്തികയിൽ തുടരാൻ പര്യാപ്തമായ കാര്യമല്ല.

iii. കാലാവധി കഴിഞ്ഞ കരാർ നിയമനത്തിൽ ഭരണസമിതിയുടെ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് 191-ാം വകുപ്പ് പ്രകാരം നിയമപരമായ അപ്പീൽ അധികാര പരിധിയിൽ വരുന്നതല്ലാത്തതിനാൽ അപ്പീൽ തള്ളിക്കളയേണ്ടതാണ്. അതോടൊപ്പം 03/03/2026 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പ്രോജക്ട് അസിസ്റ്റന്റ് താൽക്കാലിക തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ പുതിയ നിയമനം നടത്താൻ വേണ്ട അനുമതി പഞ്ചായത്ത് ഭരണസമിതിക്ക് നൽകണമെന്നും പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും ഒരുപോലെ ഹിയറിങ്ങിൽ ബോധിപ്പിക്കുകയുണ്ടായി.

7). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സംസ്ഥാനത്ത് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിയമിച്ച പ്രോജക്ട് അസിസ്റ്റന്റ്മാരുടെ കരാർ കാലാവധി പരാമർശം (5) പ്രകാരം 2026 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. മേൽ ഉത്തരവിൽ കരാർ കാലാവധി ദീർഘിപ്പിച്ചു നല്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. തുടർന്ന്, പ്രോജക്ട് അസിസ്റ്റന്റ്മാരുടെ കരാർ ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച നിവേദനങ്ങൾ, കോടതി വ്യവഹാരങ്ങൾ എന്നിവ മേൽ ഉത്തരവിലെ നിർദേശങ്ങൾക്ക് വിധേയമായി തീർപ്പാക്കേണ്ടതാണ് എന്ന് നിർദേശിച്ചു കൊണ്ട് പരാമർശം (6) സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

8). മേൽ സാഹചര്യത്തിൽ,പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രോജക്ട് അസിസ്റ്റന്റ് ശ്രീമതി ഫായിസ ഷിബ്‌ല ടി യുടെ കരാർ കാലാവധി നീട്ടുന്ന വിഷയത്തിൽ പരാമർശം (5), (6) സർക്കാർ ഉത്തരവുകളുടെ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തീരുമാനം എടുക്കാൻ കുലുക്കല്ലൂർ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദേശം നൽകി കൊണ്ട് പരാമർശം (3) പ്രകാരമുള്ള അപ്പീൽ അപേക്ഷ (Ext.P13) തീർപ്പാക്കിയും, അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (4) പ്രകാരമുള്ള വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
ശ്രീമതി ഫായിസ ഷിബ്‌ല ടി W /o മുഹമ്മദ് ഷെരിഫ്, അഞ്ചാംതൊടി വീട്, മാരായമംഗലം സൗത്ത് (പി ഓ ), പാലക്കാട് - 679335
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
പ്രസിഡന്റ്, കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ് (ഫയൽ നം. 101/EPA3/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 07-10-2026
12:31:53

സെക്ഷൻ ഓഫീസർ